കഥയും സംഭവകഥയും

**ആനകൾക്ക്/വന്യമൃഗങ്ങൾക്ക് നാട്ടിൽ മാത്രമല്ല കാട്ടിലും രക്ഷയില്ല. വന്യജീവി ഫോട്ടോഗ്രാഫറും കാടൻ യാത്രക്കാരനുമായ നസീർ വേട്ടക്കാരുടെ ആനയോടുള്ള ക്രൂരത കണ്ടറിഞ്ഞ വേദനയിൽ എഴുതിയത്.**


ഫോട്ടോ : എൻ.എ. നസീർ

# ലക്ഷണം ഒത്തവൻ

എൻ.എ. നസീർ

ആ പട്ടുപോയ വൃക്ഷത്തിൽ ചാരിയവൻ നിന്നു. ചുട്ടുപൊള്ളുന്ന വെയിൽ. പച്ചപ്പിന്റെ ഒരു കണിക പോലും കാൺമാനില്ല. ഒരു തുള്ളി ജലത്തിനായി അവൻ തുമ്പിക്കൈ ഉയർത്തി ഗന്ധം പിടിച്ചു. ഇല്ല എങ്ങും ഇല്ല. ഉഷ്ണക്കാറ്റ് മാത്രം.


വാരിയെല്ലുകൾ തെളിഞ്ഞും ദേഹം മുഴുവൻ മുറിവുകളുമായി അവനവിടെ നിന്നു. വെടിയേറ്റു തകർന്നു പോയ ഇടംകണ്ണ്. അത് വലിയ ഒരു വ്രണമായി പ്രാണികളും പുഴുക്കളും മൂടിയിരിക്കുന്നു. കഴിഞ്ഞമാസം ചെറിയ ഒരു ഉറവയിൽനിന്നും വെള്ളം കുടിക്കുന്ന ആർത്തിയിൽ ചുറ്റുപാടും ശ്രദ്ധിക്കുവാൻ മറന്നുപോയി. പെട്ടെന്നാണ് ഭയങ്കര ശബ്ദവും ചുട്ടുപൊള്ളുന്ന എന്തോ ഒന്ന് ഇടതുകണ്ണിലൂടെ പാഞ്ഞുകയറിയതും. പിന്നെ ഒന്നും കണ്ടില്ല. ഇടതുകണ്ണ് ഒലിച്ചുപോയി. ഒരൊറ്റ പാച്ചിലായിരുന്നു ഇതുവരെ. അസഹ്യമായ ആ വേദനയും സഹിച്ച് അലയുകയായിരുന്നു. തിന്നുവാനും കുടിക്കുവാനും ഒന്നുമില്ലാതെ.

അതുപോലെ വലതു പിൻകാലിന്റെ മടമ്പിൽ മറ്റൊരു വ്രണം. മാസങ്ങൾക്കുമുമ്പ് നടന്നുപോകുമ്പോൾ കാനനമദ്ധ്യേ പുതുതായി കണ്ട വീടും കൃഷിയിടവും. നിറയെ വാഴകളും തെങ്ങിൻതൈകളും. മുള്ളുവേലി തകർത്തു കയറി വിശപ്പു സഹിക്കാനാവാതെ. അപ്പോൾ നാടൻതോക്കിൽ കുപ്പിച്ചില്ലുകളും മറ്റും നിറയൊഴിച്ചതാണാവ്രണം. പിന്നെ റബ്ബർ കഷ്ണങ്ങൾ കത്തിച്ച് എറിഞ്ഞ് പൊള്ളിയ പാടുകൾ ശരീരത്തിലാകമാനം. ആകെ ക്ഷീണിതനാണ്.

എങ്കിലും അവന്റെ നീളമേറിയതും അഴകാർന്നതുമായ ആ കൊമ്പുകളും ഏത് കാട്ടിൽനിന്നാലും ഉയർന്ന ആ തലപ്പൊക്കവും അവൻ ഗംഭീരനായി വിലസിയിരുന്ന ഒരു നല്ല ഹരിതകാലത്തെ ഓർമ്മിപ്പിക്കുന്നു.

ഒറ്റകണ്ണുകൊണ്ടവൻ മുന്നോട്ട് നോക്കി. കാഴ്ചയെത്തുംവരെ പടർന്നു ഉണങ്ങിക്കിടക്കുന്ന മുൾച്ചെടികൾ മാത്രം. മൂന്നാഴ്ച കഴിഞ്ഞിരുന്നു എന്തെങ്കിലും ഒന്ന് തിന്നിട്ട്. ഒന്നുറങ്ങിയിട്ട് മാസങ്ങളായിരിക്കുന്നു. ഇടതുവശത്തെ കാഴ്ചശക്തി പോയതിൽ പിന്നെ എപ്പോഴും ഓരോ ചെറിയ അനക്കങ്ങളും നടുക്കം ഉണ്ടാക്കുകയാണ്.

രണ്ടുമാസമായി ആരെല്ലാമോ തന്റെ പിറകെയുണ്ട്. എപ്പോഴും കൂടെ ഉണ്ടാകാറുണ്ടായിരുന്ന ഒറ്റക്കൊമ്പൻ വെടിയേറ്റു വീഴുമ്പോൾ തുടങ്ങിയ മരണഭയമാണ്. പഴയ കൂട്ടുകാരെ എല്ലാം അവർ ഓരോരുത്തരെയായി പലയിടങ്ങളിലും വെടിവെച്ചിട്ടു. കൂട്ടത്തിലെ കുട്ടിക്കൊമ്പന്മാരെവരെ വെറുതെ വിട്ടില്ല. പൈനാപ്പിളിന്റെ മത്തുപിടിപ്പിക്കുന്ന ഗന്ധം തേടിച്ചെന്നു എടുത്തുതിന്ന ഒരു കുട്ടിയാനയുടെ വായ് ചിതറിപ്പോയി. വ്രണങ്ങളുമായി കുറച്ചുനാളുകൾ ഈ കാട്ടിലൊക്കെ ഒന്നു കരയുവാനോ ഒരു തുള്ളി വെള്ളം കുടിക്കുവാനോ ആകാതെ അലഞ്ഞുതിരിഞ്ഞു എവിടെയൊ ചെരിഞ്ഞു. കൂട്ടത്തിലെ എല്ലാവരും പോയി.



ഫോട്ടോ : എൻ.എ. നസീർ

എപ്പോഴും തന്നെയായിരുന്നു നോട്ടം ഇട്ടിരുന്നത്. താനായിരുന്നല്ലോ 'ലക്ഷണം ഒത്തവൻ'.

ഇവിടെ എവിടെയോ ഒരു നീരുറവ കാണും. കുട്ടിയായിരിക്കുമ്പോൾ അവൻ അമ്മയുടെ വാലിൽ പിടിച്ചു ആ വഴിക്കുവന്നതോർത്തു. അന്നവർ ഒരു കൂട്ടം തന്നെയായിരുന്നു. എവിടെയും പച്ചപ്പ്. ഇഷ്ടംപോലെ തീറ്റ തണലേകാൻ വൃക്ഷങ്ങൾ. ആ വെള്ളക്കുഴിയിലിറങ്ങി തിമിർത്തു കളിച്ചതും എല്ലാം ഓർമ്മയിൽ മായാതെ കിടക്കുന്നു.

വളരെ പതുക്കെ അവൻ മുൻകാലുകൾ മുന്നോട്ട് വെച്ചുനീക്കി. ഒരു തുള്ളി വെള്ളം അല്ലെങ്കിൽ ഒരു തണ്ട് മുളംചില്ല കിട്ടിയിരുന്നെങ്കിൽ. അവൻ പിൻകാലുകൾ വലിച്ചു വെച്ച് നടന്നു. വളരെ സാവധാനം നടന്നുകൊണ്ടേയിരുന്നു.

ആ താഴ്‌വാരത്തിലേക്കിറങ്ങിയപ്പോൾ വെള്ളത്തിന്റെ സാന്നിദ്ധ്യം അവനറിഞ്ഞു. പിന്നെ ഒരു പോക്കായിരുന്നു. ആ മുൾക്കാട്ടിലൂടെ വേഗതയോടെ നീങ്ങുമ്പോൾ കാലിലേയും മറ്റും വ്രണങ്ങളിൽ മുള്ളുകൾ തറച്ചുകയറുന്നവനറിഞ്ഞില്ല. വെള്ളം, അതുമാത്രമായിരുന്നു മനസ്സിൽ.

ഒടുവിലവിടെ അവനെത്തി. ചെറിയ ഒരു ചെളിക്കുണ്ട്. അതിനരികിലായി വയസ്സായ ഒരു കാട്ടുപോത്തും. രണ്ടുപേരും കുറച്ചുസമയം പരസ്പരം നോക്കിനിന്നു. കാട്ടുപോത്ത് പെട്ടെന്ന് തിരിഞ്ഞ് പാഞ്ഞുപോയി. അവൻ കുറച്ചുനേരം കാതോർത്തുനിന്നു. ഇല്ല അപകടമൊന്നുമില്ല. പിന്നെ പതുക്കെ ആ ചെളിക്കുണ്ടിനരികിലേക്കിറങ്ങി. എത്ര ദിവസങ്ങളായി അലഞ്ഞുതിരിയുന്നു ഒരു തുള്ളി വെള്ളത്തിനായി. നീർചാലുകളുള്ള ഇടങ്ങളൊക്കെ മുള്ളുകമ്പിവേലികൾ തീർത്ത് മനുഷ്യർ കയ്യടക്കിയിരിക്കുന്നു. പഴയ താരകളും പച്ചപ്പുകളൊക്കെയും അവർ വളച്ചുകെട്ടി എടുത്തിരിക്കുന്നു.

അവൻ പതുക്കെ തന്റെ തുമ്പിക്കൈ നീട്ടി വെള്ളം തെളിഞ്ഞിരിക്കുന്ന ഭാഗത്തേക്ക് നീങ്ങി. തുമ്പിക്കൈ വെള്ളത്തിലിട്ടതും കാതടപ്പിക്കുന്ന ഒരു വലിയ ശബ്ദവും എവിടെനിന്നെന്നറിയില്ല അവന്റെ ചെന്നിയിൽ രണ്ടുവശത്തുനിന്നും തീഗോളങ്ങൾ വന്നുകയറി. സകല ശക്തിയുമെടുത്ത് അവൻ അലറി. വീണ്ടും മുന്നിലെ രണ്ട് മുട്ടുകാലുകളും വെടിയേറ്റു തകർന്നു.

ഒന്നും കാണാനാവുന്നില്ല. എവിടെ വെള്ളം. കാലുകൾ മടങ്ങുകയാണല്ലോ താനറിയാതെ. അവൻ ആ ചെളിക്കുണ്ടിലേക്ക് വീണു. കുറച്ചു കഴിഞ്ഞപ്പോൾ ആരെക്കെയോ വെള്ളത്തിലൂടെ നടന്നുവരുന്ന ശബ്ദം. അവന് ഒന്ന് അനങ്ങുവാൻ പോലും ആകുന്നില്ല. എല്ലാം നിശ്ചലമാണ്. പക്ഷെ ആ ഒരു കണ്ണ് എല്ലാം കണ്ടു. ചുറ്റും മനുഷ്യർ. രണ്ടുപേർ കോടാലി ഉയർത്തുന്നു. അതു താണു വരികയാണ്. ഒരു തുള്ളി വെള്ളം കിട്ടിയെങ്കിൽ.

**ബാക്കി സംഭവ കഥ...**

പ്രിയമുള്ളവരെ, അഞ്ചുവർഷം മുമ്പ് (നവംബർ 2002) മുതുമല വന്യജീവി സങ്കേതത്തിനരുകിൽ കാനനമദ്ധ്യേയുള്ള എന്റെ സുഹൃത്തിന്റെ വീട്ടിൽ തങ്ങിയിരിക്കുകയാണ്. അവിടെ ഞങ്ങൾ വന്യജീവികൾക്ക് ശുദ്ധജലം കരുതിവയ്ക്കാറുണ്ട്. അന്നവിടെ വന്ന ഒരു കൊമ്പനാനയുടെ രൂപം ഇന്നും എന്നെ വേദനിപ്പിക്കുകയാണ്.

നഷ്ടപ്പെട്ട കണ്ണിൽ പുഴുക്കളായിരുന്നു. ദേഹമാസകലം വെടിയേറ്റ പാടുകളുമായി അതവിടെ തങ്ങി. ഞങ്ങൾ വെള്ളതൊട്ടിക്കുസമീപം കരിമ്പിൻ തണ്ടുകളും കാട്ടാലിൻ ഇലകളും മറ്റും കൊണ്ടുവന്നിടുമായിരുന്നു അവന്. രാത്രിയിൽ അവനത് വന്ന് ഭക്ഷിക്കും. അങ്ങനെ ഒരു വാരം അവനവിടെ തങ്ങി. പിന്നെ എങ്ങോട്ടോ പോയി. പിന്നീടൊരിക്കലും ഞങ്ങളവനെ കണ്ടില്ല. അവന്റെ മുറിവുകൾ ഇപ്പോഴും ഞങ്ങളുടെ ഹൃദയത്തിനുമേൽ വീണുകിടക്കുന്നു.

*നടുവിലകത്ത്, പള്ളിപ്പോർട്ട് പി.ഒ., എറണാകുളം*

**കേരളീയം അറിയിപ്പ്**

സാമ്പത്തിക പ്രയാസങ്ങളാൽ കഴിഞ്ഞ ലക്കങ്ങളും ഒറ്റപേജിൽ മാത്രമേ പ്രസിദ്ധീകരിക്കാനായുള്ളൂ. വായനക്കാരുടേയും വരിക്കാരുടേയും കൂടിയ പിന്തുണ തേടുന്നു.

*പത്രാധിപർ*